**ശ്രദ്ധ ക്ഷണിക്കൽ**

## റബ്ബറിന്റെ വിലയിടിവ്

ശ്രീ. മോൻസ് ജോസഫ്: സർ, റബ്ബറിന്റെ വിലയിടിവിനെത്തുടർന്ന് സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ ശ്രദ്ധക്ഷണിക്കലുകളും സബ്മിഷനുകളും പല സന്ദർഭങ്ങളിലായി സഭയിൽ വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഏറ്റവും വലിയ സംഭാവനയായി, വലിയൊരു അനുഗ്രഹ മായി നിൽക്കുന്ന റബ്ബർ കാർഷിക മേഖല ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധിയെ അതിജീവിക്കുവാൻ കഴിയുന്നില്ലായെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു വശത്ത് റബ്ബർ കൃഷിയുടെ ചെലവ് വർദ്ധിച്ചു. മറുവശത്ത് കൃഷിക്കാരന് വരുമാനം ഇല്ലാതായി. വിലയിടിവുമൂലമുള്ള റബ്ബർ കർഷകരുടെ ഈ വലിയ പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കുറെ കർമ്മ പരിപാടികൾക്ക് രൂപം കൊടുക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനുവേണ്ടി നടത്തുന്ന നിരന്തരമായ പരിശ്രമങ്ങളെ ഞാൻ ഈ

അവസരത്തിൽ നന്ദിപൂർവ്വം ഓർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി സാർ കഴിഞ്ഞ ബഡ്ജറ്റിലൂടെ നടത്തിയ, 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുമെന്ന സുപ്രധാനമായ പ്രഖ്യാപനം നമ്മുടെ സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് വലിയ ആശ്വാസമായിരുന്നു. ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനെ അഭിനന്ദിക്കുന്നതോടൊപ്പം ഇത് വിജയകരമാക്കി മാറ്റുന്നതിനുവേണ്ടി അടിയന്തരമായ ഇടപെടലുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. വിലയിടിവുമൂലമുള്ള റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ കർഷകന്റെ ചെലവിന്റെ കാര്യത്തിലുള്ള അവസ്ഥ അതിനേക്കാൾ പ്രതിസന്ധിയിലാണ്. എട്ട് വർഷത്തോളം റബ്ബർ പരിപാലിച്ച് വിളവെടുപ്പിലേയ്ക്ക് എത്തിച്ചേരുന്ന സമയംവരെയുള്ള ചെലവ്, ഒരു ഹെക്ടർ സ്ഥലത്ത് ഏകദേശം മൂന്ന് ലക്ഷം രൂപ വരുമെന്നാണ് കണക്കാക്കുന്നത്. 2009-2010 കാലഘട്ടത്തിൽ കർഷകർക്ക് ഏതാണ്ട് ഒരു ലക്ഷം രൂപയാണ് ചെലവ് വന്നിരുന്നതെങ്കിൽ ഇപ്പോൾ അതിന്റെ മൂന്നിരട്ടി ചെലവ് വരുന്നു. അതുപോലെ ടാപ്പിംഗ് കൂലി രണ്ടിരട്ടിയായി വർദ്ധിച്ച സാഹചര്യങ്ങൾ കാലാനുസൃതമായി ഉണ്ടായിട്ടുണ്ട്. വളം, കീടനാശിനി, ചിരട്ട, കമ്പി, ആസിഡ് ഇങ്ങനെ റബ്ബറുമായി

ബന്ധപ്പെട്ടുള്ള എല്ലാ ഇനങ്ങൾക്കും വളരെ വലിയ വർദ്ധനവുണ്ടായി. വരുമാനം കുറയുകയുമാണ്. റബ്ബറിന് ന്യായമായും 200 രൂപയെങ്കിലും വില ലഭിക്കേണ്ടതാണ്. എങ്കിലും, 150 രൂപയ്ക്ക് റബ്ബർ സംഭരണം നടപ്പിലാക്കാൻ കഴിഞ്ഞാൽത്തന്നെ കർഷകന് അത് വലിയ ആശ്വാസവും അനുഗ്രഹവുമായിരിക്കും. എന്തൊക്കെയോ കാരണങ്ങൾ കൊണ്ട് നമുക്കതിന് കഴിയുന്നില്ല. ഉദ്യോഗസ്ഥതലത്തിലുള്ള അനാസ്ഥയാണോ മറ്റെന്തെങ്കിലും കാരണങ്ങളാണോ ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്ന് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കണം. ഇതിനുവേണ്ടി നടക്കുന്ന പരിശ്രമങ്ങൾ എന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത യോഗങ്ങളും തുടർനടപടികളും, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി സാറിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗങ്ങളും തുടർ നടപടികളും....

മി.സ്പീക്കർ: പ്ലീസ്.... ബഹുമാന്യരായ അംഗങ്ങൾ സീറ്റിൽ ഇരിക്കണം.

ശ്രീ. മോൻസ് ജോസഫ്: സർ, സ്വാഭാവികമായും കേരളത്തിൽ യു.ഡി.എഫ്. വലിയ സന്തോഷത്തിൽ നിൽക്കുന്ന സമയമാണ്. പ്രതിപക്ഷം വലിയ ബഹളങ്ങളും കോലാഹലങ്ങളുമൊക്കെ നടത്തുകയും ഈ ഗവൺമെന്റിനെതിരെ അതിരൂക്ഷമായ

വിമർശനങ്ങൾ ഇന്നലെ വൈകുന്നേരവും നടത്തുകയുണ്ടായി. മാത്രവുമല്ല, ഇന്നലെ സഭയിൽ മുഖ്യമന്ത്രിയെ ഉൾപ്പെടെ എല്ലാവരെയും അപമാനിച്ച് സംസാരിക്കുകയും അവസാനം മറുപടി കേൾക്കാൻപോലും തയ്യാറാകാതെ പ്രതിപക്ഷം ഇറങ്ങിപ്പോവുകയും ചെയ്ത സാഹചര്യമുള്ളപ്പോൾ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നു എന്നുള്ളതിനെക്കുറിച്ച് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഇപ്പോൾ കാണിക്കുന്നത് സ്വാഭാവികമായൊരു സന്തോഷമാണ് ....... (ബഹളം)........ പിന്നെ എന്തിനാണ് ഇന്നലെ ബഹളമുണ്ടാക്കിയത്? ............. (ബഹളം).............

ശ്രീ. എ. കെ. ബാലൻ: സർ, 25 വർഷമായി നിങ്ങളുടെ കൈയിലുള്ള സീറ്റ്, അവിടെ ഞങ്ങൾക്ക് ജയിക്കാൻ കഴിഞ്ഞില്ല, അതിൽ എന്ത് അത്ഭുതമാണുള്ളത്?

ശ്രീ. സി. എഫ്. തോമസ്: സർ, ഇന്നലെ ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ഇങ്ങനെയല്ലല്ലോ.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ പ്രിയപ്പെട്ട ശ്രീ. സി. എഫ്. തോമസ് സാർ സൂചിപ്പിച്ചത് ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ ഇന്നലെ പറഞ്ഞതും ഇന്ന് രാവിലെ പറഞ്ഞതും തമ്മിലുള്ള വ്യത്യാസമാണ്. അങ്ങ് പറഞ്ഞതിനെ ഞങ്ങളാരും എതിർക്കുന്നില്ല. ഇന്നലെ അങ്ങ് ചൂണ്ടിക്കാണിച്ചത് ഇരുപത്തിനാല്

വർഷക്കാലത്തോളം അരുവിക്കര നിയോജകമണ്ഡലം....., റബ്ബറിന്റെ സ്ഥലമാണ് അരുവിക്കര. റബ്ബറിന്റെ വിലയിടിച്ചത് യു.ഡി.എഫ്. ആണെന്ന് നിങ്ങൾ പറഞ്ഞു. യു.ഡി.എഫ്. ആണോ റബ്ബറിന്റെ വിലയിടിച്ചത്? റബ്ബറിന് വില കിട്ടാൻവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് തുടരണമെന്നും ആത്മാർത്ഥമായി ഇടപെടണമെന്നും ആഗ്രഹിക്കുന്നതുകൊണ്ടാണല്ലോ അരുവിക്കരയിലെ ജനങ്ങൾ നിങ്ങൾ പറഞ്ഞതെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് യു.ഡി.എഫ്-നെ വിജയിപ്പിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട എ. കെ. ബാലൻ ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ ജനങ്ങൾ പരിശോധിച്ചതാണെ ന്നാണ് ഞാൻ സൂചിപ്പിച്ചത്. അവസാനം ജനങ്ങൾ നടത്തിയ വിധിയെഴുത്ത് എൽ.ഡി.എഫ്-ന് എതിരാണ് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജനങ്ങൾക്ക് പ്രതീക്ഷയുണ്ട്. ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് ഗവൺമെന്റിന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഈ വിധിയെഴുത്ത് സഹായകരമാകട്ടെ. റബ്ബറിന് വിലകിട്ടണം. പ്രതിപക്ഷം ഉന്നയിക്കുന്ന പ്രശ്നങ്ങൾ തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യണം, തൃപ്തികരമായി ഭരണം മുന്നോട്ട് പോകണം, എല്ലാവർക്കും സ്വീകാര്യമായ സാഹചര്യമുണ്ടാകണം. അതിലൊന്നും ഒരു തർക്കവുമില്ല. പക്ഷേ നമ്മൾ പറയുന്നതിന്റെയെല്ലാം പരിധിവിട്ടുപോകുന്ന സാഹചര്യങ്ങളുണ്ടാകുമ്പോൾ

തീർച്ചയായും അത് ഏറ്റവും കൂടുതൽ വേദനയുണ്ടാക്കുന്ന എന്നുള്ളത് കാണേണ്ടതാണ്. റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽ 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രധാനമായും ആവശ്യപ്പെടുകയാണ്. ഇതിനുവേണ്ടി ഗവൺമെന്റ് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽ ഇപ്പോൾ പ്രാദേശികമായിട്ടുള്ള സംഘങ്ങളെ (ആർ.പി.എസ്സ്-കളുടെ എണ്ണം കേരളത്തിൽ രണ്ടായിരത്തോളം വരും) പ്രയോജനപ്പെടുത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇത് വിജയകരമായി നടപ്പാക്കാൻ സാധിക്കുകയുള്ളൂ. സമീപകാലത്ത് ഈ പ്രശ്നവുമായി ബന്ധപ്പെട്ട് മാതൃഭൂമി ഒരു പരമ്പര പ്രസിദ്ധീകരിച്ചു. മലയാള മനോരമ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങൾ ഈ വിഷയത്തിൽ ചർച്ചകൾ സംഘടിപ്പിച്ചു. ഇവരെല്ലാം മുന്നോട്ടുവച്ച ഒരു പ്രധാനപ്പെട്ട നിർദ്ദേശം രണ്ടായിരത്തോളം വരുന്ന ആർ.പി.എസ്-കളെ റബ്ബർ സംഭരണകേന്ദ്രങ്ങളാക്കി മാറ്റുക എന്നുള്ളതാണ്. അതുകൊണ്ട് ഇക്കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കണം. നമ്മുടെ സംസ്ഥാനത്ത് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് നാളികേര കർഷകർക്കുവേണ്ടിയുള്ള ഫലപ്രദമായ ഒരു കോൺഫെഡറേഷനായി വന്നിട്ടുണ്ട്. പ്രാദേശികമായ സംഘങ്ങൾ രൂപീകരിച്ച്

തേങ്ങയുടെ സംഭരണവും നാളീകേരവുമായി ബന്ധപ്പെട്ട കാര്യങ്ങളും നിർവ്വഹിക്കുവാനുള്ള ഒരു നല്ല ഏജൻസിയായി മാറി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് കേരളത്തിന് മാതൃകയാകണം. അതുപോലെതന്നെ, വർഷങ്ങൾക്ക് മുമ്പ് ശ്രീ. പി. സി. സിറിയക് റബ്ബർ ബോർഡ് ചെയർമാനായിരിക്കുമ്പോൾ തുടങ്ങിയ റബ്ബർ ഉല്പാദക സംഘങ്ങൾ കർഷകന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സെന്ററാണ്. അവിടെ റബ്ബർ സംഭരിക്കാൻ കഴിഞ്ഞാൽ കർഷകർക്ക് നേരിട്ട് റബ്ബർ കൊടുക്കാനും ന്യായവില ലഭ്യമാക്കാനും സാധിക്കും. അതിനുള്ള തടസ്സമെന്താണെന്ന് ഗവൺമെന്റ് പരിശോധിക്കണം. കർഷകരിൽനിന്ന് നേരിട്ട് റബ്ബർ സംഭരിക്കാനും 150 രൂപ കർഷകന്റെ കയ്യിലെത്തിക്കാനും കഴിയുന്ന വിധത്തിൽ ഈ സിസ്റ്റം പുന:ക്രമീകരിക്കേണ്ടത് ആവശ്യമാണ്. അതിന് കഴിയുന്ന വിധത്തിൽ റബ്ബർ ബോർഡിനെത്തന്നെ പുന:സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. റബ്ബർ ബോർഡ് ഇപ്പോൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ആർക്കുവേണ്ടിയാണ് എന്ന് സംശയമുണ്ട്. റബ്ബർ ബോർഡ് ഒരുകാലത്ത് റബ്ബർ കർഷകന്റെ അത്താണിയായിരുന്നു; ഏറ്റവും വലിയ ആശ്രയമായിരുന്നു. എന്നാൽ റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ പോലും ഇപ്പോൾ താളംതെറ്റി വ്യവസായികൾക്കുവേണ്ടിയായി മാറിപ്പോകുന്ന തായി ആക്ഷേപമുയർന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് റബ്ബർ

ബോർഡിന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിൽ കേന്ദ്ര സബ്സിഡിയുൾപ്പെടെ നിർത്തലാക്കുന്ന സാഹചര്യമാണ് ഉള്ളത്. നമ്മൾ ഇത്രയും വലിയൊരു പ്രതിസന്ധി നേരിടുമ്പോൾ കേരളത്തെ സഹായിക്കേണ്ടതിനുപകരം സബ്സിഡിയുൾപ്പെടെ ആവർത്തന കൃഷിക്കും പുതുകൃഷിക്കും റബ്ബർ ബോർഡുവഴി നൽകിക്കൊണ്ടിരുന്ന സബ്സിഡി കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കുന്നു എന്ന ആശങ്ക സംസ്ഥാനത്തുണ്ടായി. ആ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ സാധിച്ചത് വലിയ ആശ്വാസമാണ്. സംസ്ഥാന ഗവൺമെന്റ് അതിൽ ഇടപെട്ടു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കെ. എം. മാണിസാർ ഡൽഹിയിൽ പോയി കേന്ദ്രമന്ത്രി യുമായി ചർച്ചനടത്തുകയും അതിനൊരു പരിഹാരമുണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി ഉറപ്പുനൽകുകയും ചെയ്തു. അവർ ഇറക്കിയിരിക്കുന്ന ഉത്തരവ് കേരളത്തെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ഉത്തരവ് ഇറക്കുവാനും സബ്സിഡി തുടർന്നുകൊണ്ടുപോകുവാനും കഴിയുന്ന സാഹചര്യമുണ്ടാകണം. അതുപോലെ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ 500 കോടി രൂപ വില സ്ഥിരതാഫണ്ട് കേന്ദ്രത്തോട് ആവശ്യപ്പെട്ടു. ഇത് ലഭിക്കുന്നതിനുള്ള സാഹചര്യം കേന്ദ്രഗവൺമെന്റിൽനിന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവശ്യമായ

തുടർ പ്രവർത്തനങ്ങൾ നടത്തണം. കാരണം, സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയും ബുദ്ധിമുട്ടുകളുമുള്ളപ്പോൾ സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫലപ്രദമായി മാറണമെങ്കിൽ നമുക്ക് അർഹതപ്പെട്ട വിലസ്ഥിരതാ ഫണ്ടിൽനിന്നും 500 കോടി രൂപ കേരളത്തിന് ലഭിക്കണമെന്ന ന്യായമായ ആവശ്യം അംഗീകരിപ്പിക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ ശ്രമം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത്, ഞാൻ ഇതിനുമുമ്പും സഭയിൽ കൊണ്ടുവന്നിട്ടുള്ള കാര്യമാണ്, റബ്ബറൈസ്ഡ് റോഡുകൾ കേരളത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ചാണ്. ഇതുസംബന്ധിച്ച് നമ്മൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിക്കുക എന്നത് കേരള ഗവൺമെന്റിന് ചെയ്യാവുന്ന ഏറ്റവും പ്രധാനമായ കാര്യമാണ്. അതിനുവേണ്ടിയുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉല്പാദിപ്പിക്കുന്നതിനുള്ള പരിശ്രമം എന്തുകൊണ്ടോ ഇപ്പോഴും നടക്കുന്നില്ല. റബ്ബറൈസ്ഡ് ബിറ്റുമിന്റെ വളരെ ചെറിയ ക്വാണ്ടിറ്റിയാണ് റോഡുകൾ ടാർ ചെയ്യുന്നതിന് ആവശ്യമായി വരുന്നത്. അത്രയും ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽപ്പോലും അത് ഏറ്റവും വലിയ അനുഗ്രഹമാണ്. സംസ്ഥാന ഗവൺമെന്റ്

മുൻകയ്യെടുത്തുകൊണ്ട് കൊച്ചിയിലുള്ള പ്ലാന്റ് പ്രവർത്തിപ്പിക്കാനും റബ്ബറൈസ്ഡ് ബിറ്റുമിൻ കേരളത്തിലെ റോഡുകളിൽ പരമാവധി ഉപയോഗിക്കുവാനും കഴിയുന്ന സാഹചര്യമുണ്ടാകണം. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റുമായി (പ്രധാനമന്ത്രിയോടടക്കം) ചർച്ച ചെയ്ത് നമ്മുടെ രാജ്യത്തെ റോഡുകളിൽ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു തീരുമാനമുണ്ടാക്കാൻ കഴിഞ്ഞാൽ അതിന്റെ ഏറ്റവും വലിയ അനുഗ്രഹം കിട്ടുന്നത് കേരളത്തിനാണ്. അതിന് കഴിയുന്ന വിധത്തിലുള്ള ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് കൊടുക്കാനും റബ്ബറൈസ്ഡ് റോഡുകൾ ഇന്ത്യയൊട്ടാകെ യാഥാർത്ഥ്യമാക്കുന്നതിനും വേണ്ടിയുള്ള പരിശ്രമം മുന്നോട്ടുകൊണ്ടുപോകാനും കഴിയണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. റബ്ബർ കർഷകർ ഇത്രയധികം പ്രതിസന്ധി നേരിടുമ്പോൾ അവരെ സഹായിക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ട് വന്നിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള റിസൾട്ട് കിട്ടുന്ന വിധത്തിലേയ്ക്ക് ഇക്കാര്യങ്ങൾ മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. അതിന് ആത്മാർത്ഥമായിട്ടുള്ള പരിശ്രമം സംസ്ഥാന ഗവൺമെന്റ് തുടർന്നും നടത്തണം. ഇപ്പോഴത്തെ പ്രതിസന്ധിക്ക് ഒരു പരിഹാരമുണ്ടാകണം. ബഡ്ജറ്റിലൂടെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുമെന്ന വാഗ്ദാനം

കർഷകന് ഗുണം കിട്ടുന്നവിധത്തിൽ നടപ്പാക്കാൻ ആത്മാർത്ഥമായ പരിശ്രമങ്ങൾ ഗവൺമെന്റ് നടത്തണമെന്നും ഈ ഗുരുതരമായ പ്രതിസന്ധിയിൽനിന്ന് റബ്ബർ കർഷകരെ രക്ഷിക്കണമെന്നുമാണ് ഞാൻ ഈ അവസരത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. ഇവിടെ അവതരിപ്പിച്ച പ്രശ്നം ഇന്ന് കേരളത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. റബ്ബറിന്റെ വില 250 രൂപയ്ക്ക് മുകളിലേയ്ക്ക് ഉയർന്നതാണ്. അതനുസരിച്ച് കോസ്റ്റ് ഓഫ് പ്രൊഡക്ഷനും ജീവിത നിലവാരവും കൂടി. എല്ലാം ആ നിലയിലേയ്ക്ക് എത്തിയപ്പോഴാണ് വില താഴോട്ട് വന്നത്. അത് 100-ൽ താഴെവരെ എത്തുന്ന സ്ഥിതിയിലെത്തി. അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തെയാണ്. ഇതിനുവേണ്ടി പലവട്ടം പല ചർച്ചകൾ നടത്തുകയും പല സ്കീമുകൾ കൊണ്ടുവരികയും കേന്ദ്രത്തിൽ പല നിവേദനങ്ങൾ കൊടുക്കുകയുമൊക്കെ ചെയ്തു. റബ്ബറിന്റെ ഇറക്കുമതി ഡ്യൂട്ടി 20 ശതമാനമായിരുന്നത് ഇപ്പോൾ 25 ശതമാനമായി കേന്ദ്രം വർദ്ധിപ്പിച്ചു. 5 ശതമാനംകൂടി വർദ്ധിപ്പിച്ചത് നല്ലതുതന്നെ. പക്ഷേ ഇറക്കുമതി നിയന്ത്രിക്കണം എന്ന് പറഞ്ഞതിന് ഇതുവരെ പോസിറ്റീവായിട്ടുള്ള ഒരു മറുപടി വന്നിട്ടില്ല. നമ്മൾ പല നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. പക്ഷേ ഒരു നിർദ്ദേശം

അനുവദിക്കാതിരിക്കുന്നത് തികച്ചും തെറ്റാണ് എന്നുള്ള വിശ്വാസമാണുള്ളത്. കേന്ദ്രഗവൺമെന്റിന്റെ സ്ഥാപനമാണ് റബ്ബർ ബോർഡ്. റബ്ബർ ബോർഡിന്റെ കണക്ക് അനുസരിച്ചേ ഇറക്കുമതിയാകാവൂ. വ്യവസായികൾ കൊടുക്കുന്ന കണക്ക് വച്ചുകൊണ്ട് ഇറക്കുമതി ചെയ്യുന്നതിനോട് ഒരുവിധത്തിലും യോജിക്കാൻ കഴിയില്ല. റബ്ബർ ബോർഡിന്റെ കണക്ക് അനുസരിച്ച് മാത്രമെ ഇറക്കുമതി ആകാവൂ എന്ന നിർദ്ദേശം അനുവദിക്കുന്നതിനുവേണ്ടിയുള്ള തുടർ ശ്രമങ്ങൾ നടത്തും. റബ്ബർ ബോർഡിന്റെ കണക്കനുസരിച്ച് ഇറക്കുമതിക്ക് ചില നിയന്ത്രണങ്ങൾ ഉണ്ട്. ഇവിടെ പ്രൊഡക്ഷൻ കൂടുന്ന അവസരത്തിൽ ഇറക്കുമതി അനുവദിക്കാതിരിക്കാനുള്ള ചില നിർദ്ദേശങ്ങളാണ് കൊടുത്തിരിക്കുന്നത്. അത് അനുവദിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പരമാവധി ശ്രമങ്ങൾ നടത്തും. വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മൂന്നുവട്ടം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി. മൂന്നു പ്രാവശ്യവും ഉദ്ദേശിച്ച രീതിയിലുള്ള ഒരു പ്രയോജനവും ഉണ്ടായിട്ടില്ല എന്ന് ഞാൻ സമ്മതിക്കുന്നു. വളരെയധികം പരിമിതികൾ ഉണ്ടായിരുന്നു. ആദ്യം, മാർക്കറ്റിലുള്ളതിനേക്കാൾ രണ്ടു രൂപ കൂട്ടി റബ്ബർ സംഭരിക്കാൻ ഒരു തീരുമാനമെടുത്തു. പക്ഷെ, അതും പ്രയോജനം കണ്ടില്ല. രണ്ടുരൂപയായതുകൊണ്ടാണ് പ്രയോജനമുണ്ടാകാത്തതെന്നും മാർക്കറ്റ് വിലയേക്കാൾ അഞ്ച് രൂപ കൂട്ടി സംഭരിക്കണമെന്നും പറഞ്ഞു. അങ്ങനെ

ചെയ്യാൻ തീരുമാനിച്ചു. പക്ഷെ, അപ്പോഴും പ്രശ്നങ്ങളുണ്ടായി. അങ്ങനെ സംഭരിക്കുന്ന റബ്ബർ വീണ്ടും മാർക്കറ്റിലേയ്ക്ക് തിരിച്ചുവന്നാൽ അപ്പോൾ വില വീണ്ടും ഇടിയും. മാത്രമല്ല, അധികകാലം റബ്ബർ സംഭരിച്ചുവയ്ക്കാൻ ഗോഡൗൺ ഫെസിലിറ്റി ഇല്ലാത്തതുകൊണ്ട് റബ്ബർ നശിച്ചുപോകാനും ഇടയുണ്ട്. അങ്ങനെ മാർക്കറ്റ് വിലയേക്കാൾ രണ്ട് രൂപയും അഞ്ച് രൂപയും കൂട്ടി റബ്ബർ സംഭരിക്കുന്നതും പ്രയോജനപ്പെടാതെ വന്നു. അപ്പോൾ ഞാൻ ഇവിടത്തെ റബ്ബർ വ്യവസായികളെയെല്ലാം കത്തയച്ച് വരുത്തി. വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും കൃഷിവകുപ്പു മന്ത്രിയും ഞാനുമുൾപ്പെടെ എല്ലാവരും കൂടി ചേർന്ന് ആശയവിനിമയം നടത്തി ഒരു സ്കീം കൊണ്ടുവന്നു. ആ സ്കീം അനുസരിച്ച് റബ്ബർ ബോർഡ് അതാത് ദിവസം നിശ്ചയിക്കുന്ന ഇന്റർനാഷണൽ മാർക്കറ്റിലെ വിലയും റബ്ബർ ഇറക്കുമതി ചെയ്യുകയാണെങ്കിൽ കൊടുക്കേണ്ട 20 ശതമാനം ഡ്യൂട്ടിയും (അന്ന് 20 ശതമാനം ആയിരുന്നു ഡ്യൂട്ടി) സംസ്ഥാന ഗവൺമെന്റിന്റെ നികുതിയും (കേരള ഗവൺമെന്റിന്റെ നികുതി വേണ്ടായെന്ന് വച്ചു) കൂടി ചേർത്തുള്ള ഒരു വിലയ്ക്ക് റബ്ബർ എടുക്കണമെന്ന് പറഞ്ഞു. റബ്ബർ വ്യവസായികൾ അതിന് തയ്യാറായി. അപ്പോൾ 130 രൂപയ്ക്ക് മുകളിൽ വില വരും. അത് കർഷകർക്ക് ഒരു ആശ്വാസമാകുമെന്നു കരുതി. കാരണം റബ്ബറിന് അന്ന് വില 100-105 രൂപ

നിരക്കിൽ നിൽക്കുന്ന സമയമാണ്. പറഞ്ഞ വാക്ക് പാലിക്കാൻ റബ്ബർ വ്യവസായികൾ തയ്യാറായെങ്കിലും ദിവസവും അവർ മാർക്കറ്റിലേയ്ക്ക് വരാത്തതുകൊണ്ട് അവർ മാർക്കറ്റിലേയ്ക്ക് വരുന്ന ദിവസം മാത്രമേ കർഷകന് ഈ വില കൂടുതലായി കിട്ടുന്നുള്ളൂ. അങ്ങനെ വന്നപ്പോൾ ആ ശ്രമവും പരാജയപ്പെട്ടു. സംസ്ഥാന ഗവൺമെന്റിന് നികുതി ഒഴിവാക്കുന്നതുകൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതല്ലാതെ കർഷകർക്ക് കാര്യമായ പ്രയോജനവും അതിൽ നിന്നും ഉണ്ടാകുന്നില്ല. ഈ സാഹചര്യത്തിൽ ധനകാര്യവകുപ്പുമന്ത്രി ധനകാര്യ വകുപ്പും ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റിൽ ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ച ഒരു സ്കീമിന്റെ പ്രായോഗിക നടത്തിപ്പിനുവേണ്ടിയാണ് ഇത് തയ്യാറാക്കിയത്. റബ്ബർ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ 300 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ആ 300 കോടി രൂപ കർഷകർക്ക് ധനസഹായമായി കൊടുത്തുകൊണ്ട് ഇവിടുത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ഒരു ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കി ഈ രംഗത്ത് താൽപ്പര്യമുള്ള സംഘടനകളെയും നിവേദനങ്ങൾ നൽകിയിട്ടുള്ളവരെയുമെല്ലാം വിളിച്ചുകൂട്ടി വിശദമായ ഒരു ചർച്ച നടത്തി. ആ ചർച്ചയിൽ ഗവൺമെന്റിന്റെ സ്കീമിനെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ

അഭിപ്രായങ്ങൾ വന്നു. ചിലർ ഗവൺമെന്റ് സ്കീം സ്വീകരിക്കാമെന്ന് പറഞ്ഞു. മറ്റു ചിലർ ചില മാറ്റങ്ങൾ വേണമെന്നുപറഞ്ഞു. അതുകൊണ്ട് അന്നത്തെ മീറ്റിംഗ് തീരുമാനമനുസരിച്ച് ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയിൽ കർഷകരുടെയും ഗവൺമെന്റിന്റെയും റബ്ബർ ബോർഡിന്റെയും റബ്ബർ സഹകരണ സംഘങ്ങളുടെയും പ്രതിനിധികൾ ഉണ്ട്. അതിന്റെ യോഗം നാളെ തിരുവനന്തപുരത്ത് കൂടുകയാണ്. നാളെത്തന്നെ അവരുമായി ചർച്ച ചെയ്ത് ആ സ്കീം ഫൈനലൈസ് ചെയ്യുന്നതാണ്. ആ സ്കീം എന്താണെന്നുവച്ചാൽ, റബ്ബർ സംഭരണമല്ല, റബ്ബർ കർഷകർക്ക് 150 രൂപ ലഭിക്കും എന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുകയാണ്. അതനുസരിച്ച് കർഷകരുടെ കാറ്റഗറി നിശ്ചയിച്ചിട്ടുണ്ട്. രണ്ട് ഹെക്ടറോ അതിൽ താഴെയോ ഉള്ള റബ്ബർ കർഷകർക്കാണ് ഗവൺമെന്റ് ഗ്യാരന്റി കൊടുത്ത് 150 രൂപ വില ഉറപ്പാക്കിക്കൊടുക്കുന്നത്. രണ്ട് ഹെക്ടറിൽ താഴെയുള്ള റബ്ബർ കർഷകർക്ക് ഒരു വർഷം അവരുടെ പ്രൊഡക്ഷൻ എത്രയാണ് എന്നതിന്റെ സർട്ടിഫിക്കറ്റും നൽകും. കാരണം ഇതുപോലെ സബ്സിഡി കൊടുക്കുന്ന അവസരത്തിൽ പലപ്പോഴും ക്രമക്കേട് വന്നതായി പരാതി കിട്ടിയിട്ടുണ്ട്. കൊപ്ര സംഭരിച്ചപ്പോൾ തമിഴ്നാട്ടിൽ നിന്നും കൊപ്ര കൊണ്ടുവന്നുവെന്ന് പറഞ്ഞ് ആക്ഷേപം വന്നു, അതിന് കേസ് ആയി, അന്വേഷണമായി. അങ്ങനെ പല രീതിയിലുള്ള പ്രശ്നങ്ങളും വന്നിട്ടുണ്ട്.

അതുകൊണ്ട് ഒരു ഹെക്ടറിൽ നിന്ന് ഒരു വർഷം ഒരു കർഷകന് ലഭിക്കാവുന്ന റബ്ബറിന്റെ ക്വാണ്ടിറ്റിയും ഫിക്സ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് കർഷകൻ സമ്പാദിച്ചുവച്ചാൽ അത്രയും സ്ഥലത്തുനിന്നുള്ള അത്രയും ക്വാണ്ടിറ്റി റബ്ബർ അവർക്ക് എവിടെപ്പോയി വേണമെങ്കിലും വിൽക്കാം. വിറ്റാൽ ആ ദിവസത്തെ മാർക്കറ്റ് വിലയുള്ള റെസീപ്റ്റ് അവരുടെ കയ്യിൽ കാണണം. ആ റെസീപ്റ്റനുസരിച്ച് അവരുടെ അക്കൗണ്ടിലേയ്ക്ക് ഗവൺമെന്റ് ഈ തുക കൊടുക്കും. അതായത്, അവർ 130 രൂപയ്ക്കാണ് വിൽക്കുന്നതെങ്കിൽ ഒരു കിലോയ്ക്ക് 20 രൂപാവീതം നൽകും. ഒരു കിലോ റബ്ബറിന് 150 രൂപ റബ്ബർ കർഷകർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന സ്കീമാണ് നമ്മൾ മുന്നോട്ടു വച്ചിട്ടുള്ളത്. അത് നാളെ കൂടുന്ന യോഗത്തിൽ വച്ച് ഫൈനലൈസ് ചെയ്യും. അടുത്ത ആഴ്ചമുതൽ കേരളത്തിലെ രണ്ടു ഹെക്ടറിൽ താഴെയുള്ള റബ്ബർ കർഷകർക്ക് ഒരു കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുന്ന സ്കീം നടപ്പിലാക്കുമെന്ന് ഉറപ്പ് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് മാർക്കറ്റ് ഇന്റർവെൻഷനല്ല. മാർക്കറ്റ് ഇന്റർവെൻഷന് വേണ്ടി മൂന്നുപ്രാവശ്യം നടത്തിയ ശ്രമങ്ങളും വേണ്ടത്ര വിജയിക്കാതെ വന്ന സാഹചര്യത്തിലാണ് രണ്ട് ഹെക്ടറിൽ താഴെയുള്ള റബ്ബർ കർഷകർക്ക് സഹായധനം കൊടുക്കാൻ തീരുമാനിച്ചത്. മാർക്കറ്റ് വില 135 രൂപ ആയാൽ 15

രൂപയും, 125 രൂപ ആയാൽ 25 രൂപയുടെ സഹായവുമായിരിക്കും ഗവൺമെന്റ് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കാൻ പോകുന്നത്. ഏത് സാഹചര്യത്തിലും 150 രൂപ ചെറുകിട കർഷകർക്ക് ഉറപ്പുവരുത്തുക എന്ന ധനകാര്യവകുപ്പുമന്ത്രിയുടെ ബജറ്റ് നിർദ്ദേശം പ്രായോഗികമാക്കുന്നതിനുവേണ്ടിയുള്ള ഒരു സ്കീമാണിത്. അത് അടുത്ത ആഴ്ച മുതൽ തന്നെ നടപ്പിലാക്കും എന്ന് ഉറപ്പ് പറയുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മുഖ്യമന്ത്രിയെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്. കാരണം പ്രായോഗികമായ നല്ല ഒരു നടപടിയിലേയ്ക്കാണ് ഗവൺമെന്റ് വന്നിരിക്കുന്നത്. ഇത് കർഷകർക്ക് ഉപകരിക്കുന്ന വിധത്തിൽ നടപ്പാക്കാൻ കഴിഞ്ഞാൽ, കെ.എം. മാണി സാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു സ്കീം ഗവൺമെന്റ് നന്നായി പരിശോധിച്ച് വർക്കൗട്ട് ചെയ്ത് സ്കീമിലേയ്ക്ക് വരികയാണ്. 150 രൂപ ഉറപ്പുവരുത്തുന്നുവെന്ന വലിയ കാര്യത്തിലേയ്ക്കാണ് വരുന്നത്. കർഷകൻ അത് ആഗ്രഹിക്കുകയാണ്. അത് ചെയ്യുവാനുള്ള ആത്മാർത്ഥത കാണിച്ച മുഖ്യമന്ത്രിയെയും ഗവൺമെന്റിനെയും പ്രത്യേകമായി അനുമോദിക്കുകയാണ്. അതിനോടൊപ്പം സംസ്ഥാനത്തിന് ഏറ്റെടുക്കുവാൻ കഴിയുന്ന റബ്ബറൈസ്ഡ് റോഡുകൾ എന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിലേയ്ക്കുകൂടി ഗവൺമെന്റിന് വരാൻ

കഴിഞ്ഞാൽ നല്ലതായിരിക്കും. അതിനുവേണ്ട പ്ലാന്റ് കൊച്ചിയിൽ സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ പ്ലാന്റ് കൊണ്ടുവന്നു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിൽ ഇപ്പോൾ അതിനുവേണ്ടിയുള്ള പ്രൊപ്പോസൽ തന്നതായി ഞാൻ മനസ്സിലാക്കുന്നു. ഗവൺമെന്റ് ഒരു നല്ല തീരുമാനമെടുത്താൽ നമുക്ക് ഉപയോഗിക്കാൻ കഴിയുന്നിടത്തോളം, അതുമാത്രമല്ല വലിയ മാതൃകയുള്ള ഒരു പദ്ധതിയുമാണ്. നിലവാരമുള്ള റോഡുകൾ നന്നാക്കുന്നതിന് നമുക്കത് ആവശ്യവുമാണ്. അതിനുവേണ്ടി കൊച്ചിയിലെ പ്ലാന്റ് പ്രവർത്തിപ്പിക്കാനും റബ്ബറൈസ്ഡ് റോഡുകൾ എന്നത് അംഗീകരിക്കാനും ഗവൺമെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അതിനുവേണ്ടി ഇതിനോടകം നമ്മൾ ശ്രമിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയുമായി സംസാരിച്ചു. അവർ ഇത് ഏറ്റെടുക്കാൻ തയ്യാറാണ്. കൂടുതൽ ക്വാണ്ടിറ്റി നമ്മൾ ആവശ്യപ്പെടുകയാണെങ്കിൽ അവരുടെ പ്ലാന്റ് എക്സ്പാൻഡ് ചെയ്യേണ്ടിവരും. അതിനും അവർ തയ്യാറാണ്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയോട് റിക്വസ്റ്റ് ചെയ്തിട്ടുണ്ട്. വീണ്ടും അതിനുവേണ്ടി ശ്രമിക്കും. റബ്ബറൈസ്ഡ് റോഡ് വരിക എന്നുള്ളത് ലക്ഷ്യമാക്കിത്തന്നെ മുന്നോട്ട്

നീങ്ങുന്നുണ്ട്. റബ്ബറൈസ്ഡ് റോഡ് വരുന്നതുകൊണ്ട് റബ്ബറിന്റെ ഉപയോഗം ഒരു പുതിയ മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കുക എന്നതിൽക്കവിഞ്ഞ് അതിന് ക്വാണ്ടിറ്റി വളരെക്കുറച്ചുമാത്രമേ ആവശ്യമുള്ളൂ. ക്വാണ്ടിറ്റിവൈസ് വളരെക്കൂടുതൽ റബ്ബർ ഇതിന് ഉപയോഗിക്കേണ്ടതായി വരില്ല. പക്ഷേ റബ്ബറിന് പുതിയ ആവശ്യങ്ങൾ കണ്ടെത്തുക, പുതിയ മേഖലകളിലേയ്ക്ക് ഇതിന്റെ പ്രയോജനം ഉപയോഗിക്കാനായി ശ്രമിക്കുക എന്ന രീതിയിൽ വളരെ പ്രാധാന്യമുണ്ട്. ഒരു പുതിയ മേഖലയാണ്. അത് നമുക്ക് ഏറ്റവും നല്ല രീതിയിൽ പ്രയോജനപ്പെടുത്തണം. പക്ഷേ അതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള ക്വാണ്ടിറ്റി......... റബ്ബറിന്റെ ഉപയോഗം കൂടിയതുകൊണ്ട് നമ്മുടെ പ്രശ്നത്തിന് പരിഹാരമാകില്ല. ഏതായാലും ഈ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ടുതന്നെയാണ് ഗവൺമെന്റ് ആദ്യം സബ്സിഡി കൊടുത്തത്, അതുകഴിഞ്ഞ് ഒരു വർഷം 150 കോടിരൂപ നികുതി വരുമാനം ലഭിക്കുന്നത് വേണ്ടെന്ന് വച്ചുകൊണ്ടാണ് ഏറ്റവും ഒടുവിലത്തെ സ്കീമിന് .... അതും വിജയിക്കാതെ വന്നപ്പോഴാണ് ബഡ്ജറ്റിൽ 300 കോടിരൂപ മാറ്റിവച്ച് അതിപ്പോൾ പ്രയോജനപ്പെടുത്താൻ പോകുന്നത്. എല്ലാവരുടെയും സഹകരണത്തോടുകൂടി 150 രൂപ ഒരു കിലോയ്ക്ക് കിട്ടത്തക്കവിധത്തിലുള്ള സംവിധാനം ഉറപ്പുവരുത്തും.

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ. വി. വിജയദാസ്: സർ, പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ വർദ്ധിപ്പിക്കുക, ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ച ഉത്തരവിലെ ശിപാർശകൾ നടപ്പിൽ വരുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഈ സർക്കാരിന്റെ മുമ്പാകെ എനിക്ക് അവതരിപ്പിക്കാനുള്ളത്. അത് അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇത് കൊടുക്കുന്നതിൽ ഭയങ്കരമായ വീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. ഒരു കണക്ക് എടുത്ത് പരിശോധിച്ചാൽ എൽ.പി. വിഭാഗത്തിൽ 250 രൂപയാണ് ലംപ്സംഗ്രാന്റായി കൊടുക്കുന്നത്. യു.പി. വിഭാഗം -500 രൂപ, ഹൈസ്കൂൾ -750 രൂപ, പ്ലസ് വൺ-പ്ലസ്ടു-900 രൂപ, ഡിഗ്രി-950 രൂപ, പി.ജി. 1,250 രൂപ എന്നിങ്ങനെയാണ്. അവർക്ക് സ്റ്റൈപന്റായി കൊടുക്കുന്നത് 500 രൂപയാണ്. എട്ട് കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ടെങ്കിൽ ആ കുട്ടികൾക്ക് 600 രൂപയാണ് കൊടുക്കുന്നത്. ഇത് തികച്ചും അപര്യാപ്തമാണ്. ഇന്നത്തെ ജീവിതനിലവാരവുമായി ബന്ധപ്പെട്ട് നോക്കിയാൽ ഈ തുക ഒന്നിനും തികയാത്ത ഒരവസ്ഥയാണുള്ളതെന്ന് ഞാൻ പറയാതെ തന്നെ അറിയാൻ കഴിയും. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിന്റെ

ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിറക്കി. ആ സർക്കാർ ഉത്തരവിൽ പറയുന്നത് "All concessions now given for educational purpose should be continued. The rate should be revised in view of rising cost of living" എന്നാണ് പറയുന്നത്. മാത്രമല്ല, "The Lumpsum Grant should be enhanced so as to cover all the expenses of students - cost of text books, cost of note books, cost of three pairs of dresses. The rates are to be revised each year on the above basis. The rates of monthly stipend and pocket money should be revised annually based on the change in cost of living index" എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് 2012-ലാണ് വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിച്ചിട്ടുള്ളത്. മൂന്നുവർഷമായി സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിച്ചിട്ടില്ല. അതാണ് ഞാനിവിടെ സൂച്ചിപ്പിക്കുന്നത്. ഇന്നത്തെ അവസ്ഥയിൽ പുസ്തകങ്ങളുടെ വില വർദ്ധിച്ചു. മൂന്ന് ജോഡി ഡ്രസ്സുകൾ എടുത്തു പരിശോധിച്ചാൽ..... പി.ജി.യ്ക്കു പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 1,250 രൂപയാണ് ലംപ്സംഗ്രാന്റായി കൊടുക്കുന്നത്. ഡിഗ്രിക്ക് 950 രൂപയാണ്. അവരുടെ ഭക്ഷണം, നോട്ട് ബുക്ക്, ടെക്സ്റ്റ് ബുക്ക്, ഡ്രസ്സ് ചെലവ് ഇവയുടെയെല്ലാം വില വർദ്ധിച്ചതോതിൽ കൂടിയിരിക്കുകയാണ് എന്നുള്ള കാര്യം

ഞാൻ പറയാതെതന്നെ അറിയാൻ കഴിയും. ഈ ന്യൂനത പരിഹരിക്കേണ്ടതുണ്ട്. നല്ല തോതിൽ വിദ്യാർത്ഥികൾക്ക് ചെലവ് വർദ്ധിച്ചിട്ടുണ്ട്. ആ വർദ്ധനവിനനുസരിച്ച് ശാസ്ത്രീയരൂപത്തിൽ ഇത് പരിശോധിച്ച് അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് ഒരു വർദ്ധനവുണ്ടാക്കണം എന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. മാത്രമല്ല ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കഴിഞ്ഞ രണ്ടുവർഷമായി സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും കൊടുത്തിട്ടില്ല. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും കുടിശ്ശിക തീർത്ത് കൊടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. മാത്രമല്ല ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും ഇ-ഗ്രാന്റ്സ് മുഖേനയാണ് കൊടുക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണ് അത് നടപ്പാക്കിയത്. ഇ-ഗ്രാന്റ്സിന്റെ സോഫ്റ്റ്‌വെയർ സംവിധാനം തകരാറിലാണ് എന്ന കാരണത്താൽ തുക കൊടുക്കുന്നതിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിൽ വലിയ വീഴ്ചയാണ് വന്നിട്ടുള്ളത്. ഇപ്രാവശ്യവും വലിയ വീഴ്ചയാണുണ്ടായിട്ടുള്ളത്. ആ വീഴ്ച പരിഹരിച്ചുകൊണ്ട് അടിയന്തരമായി ഈ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും ലംപ്സംഗ്രാന്റും കൊടുക്കണം. പാരലൽ കോളേജ്, സഹകരണ കോളേജുകൾ ഉൾപ്പെടുന്ന കോളേജുകളിൽ, സ്വാശ്രയ കോളേജിലെ മെരിറ്റ് അടിസ്ഥാനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റും സ്റ്റൈപന്റും

വിതരണം ചെയ്യുതായി കാണുന്നില്ല. ഇത് അടിയന്തരമായി പരിഹരിച്ച് പാരലൽ കോളേജുകളിലും സഹകരണ കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റും ലംപ്സംഗ്രാന്റും അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം കെ. വി. വിജയദാസ് ഇവിടെ സൂചിപ്പിച്ചത് രണ്ടുകാര്യങ്ങളാണ്. ഒന്ന്, വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാകണമെന്നുള്ളതും രണ്ടാമത്തേത്, അത് കൃത്യമായി നൽകണമെന്നുള്ള കാര്യവുമാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച ഒരു കാര്യം മൂന്നുവർഷത്തിലൊരിക്കൽ വർദ്ധനവുണ്ടാകണമെന്നാണ്. ഈ ഗവൺമെന്റ് വന്ന സമയത്ത്, 2012-ലാണ് ഏറ്റവും ഒടുവിലായി വർദ്ധിപ്പിച്ചത്. സ്വാഭാവികമായും 2015-ൽ വർദ്ധനവുണ്ടാകുക എന്നുള്ളകാര്യം അദ്ദേഹം സൂചിപ്പിച്ചത് വളരെ ശ്രദ്ധേയമാണ്. ആ കമ്മീഷൻ റിപ്പോർട്ടിനകത്ത് മൂന്നുവർഷത്തിലൊരിക്കൽ 25 ശതമാനം വർദ്ധനവെന്നാണ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, 2012-ൽ നിലവിൽ എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ലഭ്യമായിരുന്ന തുക

എന്നുപറയുന്നത് 330 രൂപയായിരുന്നു. മൂന്നുവർഷത്തിലൊരിക്കൽ 25 ശതമാനം വർദ്ധനവ് എന്നുപറയുമ്പോൾ ഏതാണ്ട് 100 രൂപയുടെ വർദ്ധനവാണ് സ്വാഭാവികമായും വരേണ്ടത്. എന്നാൽ 2012 -ൽ ഈ ഗവൺമെന്റ് 330 രൂപ എന്നുള്ളത് 750 രൂപയാക്കി വർദ്ധിപ്പിച്ച് 100 ശതമാനത്തിലധികം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. യു.പി. വിഭാഗത്തിൽ ഒരു വിദ്യാർത്ഥിക്ക് 240 രൂപ നൽകിയിരുന്നത് 500 രൂപയാക്കിയും എൽ.പി. വിഭാഗം വിദ്യാർത്ഥിക്ക് നൽകിയിരുന്ന 130 രൂപ 250 രൂപയാക്കിയും വർദ്ധിപ്പിച്ചു. ഒരോ ഗവൺമെന്റും കഴിഞ്ഞ 50 വർഷങ്ങളിലായി വരുത്തിയ വർദ്ധനവിന്റെ ഫലമായാണ് എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 330 രൂപ കിട്ടിയിരുന്നതെങ്കിൽ ഈ നാലു വർഷക്കാലംകൊണ്ട് നൂറു ശതമാനത്തിലധികം വർദ്ധനവുണ്ടാക്കി 750 രൂപയാക്കി എന്നുള്ളത് ഈ ഗവൺമെന്റ് എസ്.സി. വിഭാഗം വിദ്യാർത്ഥികളോടും ഒ.ഇ.സി വിദ്യാർത്ഥികളോടും കാണിക്കുന്ന സമീപനത്തിന്റെ ഏറ്റവും നല്ല അടയാളമായി കാണണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. മുൻകാല ഗവൺമെന്റുകളെക്കാളും വ്യത്യസ്തമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇന്നത്തെ ജീവിത സാഹചര്യങ്ങളുടെ മാറ്റങ്ങളും വിലക്കയറ്റവും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ കഴിഞ്ഞ പത്തുവർഷത്തെക്കാലത്തെ

സൂചിക എടുത്തുനോക്കുമ്പോൾ ആ വർദ്ധനവ് പോലും അപര്യാപ്തമാണെന്ന അഭിപ്രായം ഗവൺമെന്റിനുണ്ട്. പക്ഷേ സ്വാഭാവികമായും സാമ്പത്തികമായ പരിമിതികൾക്കകത്തുനിന്നുകൊണ്ടാണ് ഇത്രയും വലിയ വർദ്ധനവുണ്ടാക്കിയത്. എന്നിരുന്നാൽപ്പോലും ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ വർദ്ധനവുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കും. രണ്ടാഴ്ച മുമ്പ് ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടത്തിയിരുന്നു. തീർച്ചയായും ഈ വർഷം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കും എന്ന് സഭയെ അറിയിക്കുകയാണ്. അതോടൊപ്പം ഏറ്റവും പ്രധാനമായ മറ്റൊരു കാര്യം സൂചിപ്പിച്ചത് ഇന്ന് വിദ്യാർത്ഥികൾക്ക് തുക ലഭ്യമാകുന്നില്ല എന്നതാണ്. ഒറ്റപ്പെട്ട കാരണങ്ങൾ ഒഴിച്ചുനിർത്തിക്കഴിഞ്ഞാൽ പൂർണ്ണമായും.... എനിക്കറിയാം ഈ വർഷം 2015 ജൂൺ മാസം 15-ന് മുമ്പ് പ്രീ-മെട്രിക് തലങ്ങളിലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞു. അതിനകത്ത് ഏതെങ്കിലും ഒറ്റപ്പെട്ട കാര്യങ്ങൾ ഉണ്ടാകാം. സ്വാഭാവികമായും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലെയിം, അതുപോലെതന്നെ ഇ-ഗ്രാന്റ് സംവിധാനം കുറ്റമറ്റതല്ലാത്ത രീതിയിൽ...... ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ വരുന്ന ചില കാരണങ്ങൾകൊണ്ട്

ഇത്തരത്തിലുള്ള ഏതെങ്കിലും വിദ്യാർത്ഥികൾക്ക് ലഭ്യമാകാതെ പോയിട്ടുണ്ടെങ്കിൽ, അത്തരം ഒറ്റപ്പെട്ട കേസ്സുകൾ തീർച്ചയായും ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. ഈ ഗവൺമെന്റ് 2011-12 -ൽ 167 കോടി രൂപയും 2012-13-ൽ 291 കോടി രൂപയും 2013-14-ൽ 298 കോടി രൂപയും 2014-15-ൽ 299 കോടി രൂപയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുവേണ്ടിമാത്രം വിനിയോഗിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി സ്റ്റൈപ്പന്റ്/വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വർദ്ധനവ് മാത്രമല്ല വരുത്തിയത്. അതോടൊപ്പംതന്നെ ഇന്ന് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് തയ്യാറാകുന്ന കുട്ടികൾക്ക് സാമ്പത്തികമായി വലിയ ബാദ്ധ്യതയുണ്ടാകും. ഈ ഗവൺമെന്റ് വന്നതിനുശേഷം മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസിന് തയ്യാറാകുന്ന കുട്ടികൾക്ക് 20,000/- രൂപ പ്രത്യേക സഹായം നൽകുന്നതിനുള്ള തീരുമാനം എടുത്തു. അതോടൊപ്പംതന്നെ ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ ആനുകൂല്യം എന്ന നിലയ്ക്ക് 2,000/- രൂപ നൽകുവാൻ ഗവൺമെന്റ് തീരുമാനിക്കുകയും കഴിഞ്ഞവർഷം അത് നൽകുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക പദ്ധതി പ്രകാരം 1,500/- രൂപ വീതം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് നൽകുവാൻ

ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളായി കൊടുത്തുവരുന്നു. അതുകൊണ്ട് പരമാവധി സഹായം വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശ്രമം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹം ഇവിടെ സൂചിപ്പിച്ച കണക്കുകൾ അനുസരിച്ച് മുൻകാല ഗവൺമെന്റുകളുടെ കാലത്തുനിന്നും വ്യത്യസ്തമായി പോസ്റ്റ് മെട്രിക് തലങ്ങളിൽ വളരെ വലിയ വർദ്ധനവ് ഈ ഗവൺമെന്റ് നാല് വർഷക്കാലംകൊണ്ട് വരുത്തിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഞാൻ പറയുന്നു, ഇന്നത്തെ ജീവിത സാഹചര്യത്തിൽ ഇത് അപര്യാപ്തമാണ്. അതുകൊണ്ട് ഇനിയും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്. ഒ.ഇ.സി. വിദ്യാർത്ഥികളുടെ കാര്യത്തിൽ സ്വാഭാവികമായും കുറച്ച് കുടിശ്ശികയുണ്ടെന്നത് അംഗീകരിക്കുകയാണ്. പക്ഷെ ഈ വർഷം ലഭ്യമായ പണം മുഴുവൻ ഇതിനകംതന്നെ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കൊടുത്തുകഴിഞ്ഞു. പക്ഷെ ഇനിയും കുടിശ്ശികയുണ്ട്. കുടിശ്ശിക എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുവാനുള്ള നടപടി ഗവൺമെന്റ് എടുക്കുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ. 83 കോടി രൂപ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് കൊടുക്കാനുണ്ട്.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> അതിനുള്ള ഫണ്ട് കണ്ടെത്തി ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ. കെ. വി. വിജയദാസ്:</u> സർ, പാരലൽ കോളേജിലേയും സ്വാശ്രയ കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം കുടിശ്ശിക തുക ലഭ്യമാക്കാനുണ്ട്. ആ കുടിശ്ശിക തീർക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; ജില്ലാ ഓഫീസർമാർ വേണ്ടത്ര താൽപര്യമെടുക്കാത്ത പ്രശ്നവുമുണ്ട്. അതുകൊണ്ടാണ് സ്വാശ്രയ കോളേജുകളിലും പാരലൽ കോളേജുകളിലും സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും ലഭിക്കാത്തത്. ആ കാര്യംകൂടി പരിഹരിക്കുന്നതിന് മിനിസ്റ്റർ താൽപ്പര്യമെടുക്കണം.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി 2009-ലെ ഉത്തരവ് പ്രകാരമാണ് നമ്മൾ ഇത്തരം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും യൂണിവേഴ്സിറ്റികൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്നു, പുതിയ കോളേജുകൾക്ക് അംഗീകാരം കൊടുക്കുന്നു, എയ്ഡഡ് കോളേജ്, സെൽഫ് ഫിനാൻസിംഗ് കോളേജ്, ഗവൺമെന്റ് കോളേജ് ആ കോളേജുകളിൽതന്നെ ഗവൺമെന്റ് കോളേജുകളാണെങ്കിൽ അവിടെ അൺ-എയ്ഡഡ് കോഴ്സുകൾ - ഇങ്ങനെ ഒരുപാട്

കാര്യങ്ങൾ വരുന്നുണ്ട്. അതുകൊണ്ടുതന്നെ കഴിഞ്ഞ കാലത്തെപ്പോലെയല്ല, സാങ്കേതികമായി നമുക്ക് ധാരാളം പ്രയാസങ്ങളുണ്ട്. പക്ഷെ ആ പ്രയാസങ്ങളൊക്കെ വളരെ പെട്ടെന്ന് പരിഹരിച്ചുകൊണ്ട് എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടി ജില്ലാ ഓഫീസർമാർ എടുക്കുന്നുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും കാര്യം പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ഗവൺമെന്റ് അത് പ്രത്യേകം പരിശോധിച്ച് എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാനുള്ള കാര്യങ്ങൾ ചെയ്യുന്നതാണ്.